ശ്രീ. ആർ. ശങ്കർ : അങ്ങനെയൊരു റിപ്പോർട്ട് കിട്ടിയിട്ടുണ്ട്.

ശ്രീ. കെ. ആർ. വിജയൻ : സംസ്കൃതവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി സമ്മതിക്കുകയുണ്ടായി. അവർക്കു നൽകുവാൻ ഉദ്ദേശിക്കുന്ന ആനുകൂല്യങ്ങളും എന്തെല്ലാമാണു്.

ശ്രീ. ആർ. ശങ്കർ : ഇതിൽ ഉന്നതവിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ഒട്ടുവളരെ സ്കോളർഷിപ്പു നൽകിയിട്ടുണ്ട്. അതു കാളേജു ലെവലിലാണു്. ഹൈസ്കൂളിന്റെ കാര്യം പ്രത്യേകമായി ആലോചിച്ചിട്ടില്ല. ഇപ്പോഴും ഗവണ്മെന്റു ആലോചിച്ചുകൊണ്ടിരിക്കുകയാണു് എന്നുപ്രോത്സാഹനമാണു് അവർക്കു നൽകാവുന്നതു് എന്നു്. പൊതുവിലുള്ള അനുഭവം സംസ്കൃതവിദ്യാഭ്യാസത്തിനു് പണ്ടത്തേപ്പോലെ അഭിരുചി ഇപ്പോഴും കാണിക്കുന്നില്ല എന്നാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : പട്ടാമ്പി സംസ്കൃത കാളേജിന്റെ ആസന്നമായ മരണത്തിനു വല്ല സഞ്ജീവനി പ്രയോഗവും നിർദ്ദേശിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ആ കേസു് വളരെ സീരിയസാണെങ്കിലും അസാധ്യമാണെന്നു ഇതുവരെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

ശ്രീ. ഈ. പി. ഗോപാലൻ : സംസ്കൃത വിദ്യാഭ്യാസ പ്രചരണാർത്ഥം കേന്ദ്രഗവണ്മെൻറിൽനിന്നും ഈ ഗവണ്മെൻറിനു് പ്രത്യേക സഹായം വല്ലതും ലഭിക്കുന്നുണ്ടോ ? ഇൻഡ്യാഗവണ്മെൻറിനു അങ്ങനെ വല്ല സ്കീമുമുണ്ടോ ? ഉണ്ടെങ്കിൽ അസാധ്യമായ കേസു് എന്നുള്ളതു വളരെ വിദൂരസ്ഥമായ ഒന്നാക്കാൻ കഴിയും. ഏതായാലും സ്വന്തം കൈകൊണ്ടു ഉദകക്രിയ ചെയ്യുന്നതിനുമുമ്പു പുനശ്ശേരി നീലകണ്ഠശർമ്മയുടെ സ്മരണയെ നിലനിറുത്താൻ വേണ്ടി സ്ഥാപിച്ചിട്ടുള്ള ആ സ്ഥാപനം പുനർജീവിപ്പിക്കുന്നതിനു ശ്രമിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ആ കാളേജുമായി വളരെയേറെ സെൻറിമെൻറുണ്ടു്. പക്ഷേ ഈ കാര്യത്തിൽ ബുദ്ധിമുട്ടുണ്ടു്. യഥാർത്ഥത്തിൽ അതു ഉയർത്തിക്കൊണ്ടുവരണമെന്നു ഗവണ്മെൻറിനും ആഗ്രഹമുണ്ടു്. അടുത്ത കാലത്തു രണ്ടിലൊന്നു തീരുമാനിച്ചു മുമ്പോട്ടു പോകാം എന്നു വിചാരിക്കുകയാണു്.

ടൈബൽ ബ്ലോക്കു്

* 274. [13] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കെ വയനാട്ടിലേക്കു ഒരു ടൈബൽബ്ലോക്കു് അനുവദിക്കുന്ന കാര്യം എത്രത്തോളമായി ;

(ബി) വടക്കെ വയനാട്ടിലെ ഏതെല്ലാം അംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണു് ഈ ബ്ലോക്കു് സ്ഥാപിക്കുക ;

(സി) ബ്ലോക്കിന്റെ വിശദവിവരങ്ങൾ പറയാമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ, ബി, സി) വടക്കേ വയനാട്ടിലേക്കു ഒരു ടൈബൽ ബ്ലോക്കു് അനുവദിക്കുവാൻ സാധ്യമല്ല എന്നു കേന്ദ്രഗവണ്മെൻറു് അറിയിച്ചിട്ടുണ്ടു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : പത്തനംതിട്ട, പത്തനാപുരം കൊട്ടാരക്കര താലൂക്കിന്റെ കിഴക്കൻപ്രദേശങ്ങൾ ഇവ ഉൾപ്പെടുത്തി ഒരു ടൈബൽ ബ്ലോക്കു അനുവദിക്കേണ്ടതാണെന്നുള്ള ശുപാർശ കേന്ദ്രഗവണ്മെൻറിന്റെ മുമ്പിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ : വടക്കെ വയനാട്ടിലെ കാര്യം ഈ ഗവണ്മെൻറു ശ്രദ്ധാപൂർവ്വം പരിഗണിച്ചിട്ടുണ്ട്. കേന്ദ്രഗവണ്മെൻറു അതിനു നിബന്ധന വച്ചിരിക്കുന്നതു 66 2/3 ഭാഗം ടൈബ്സായിട്ടുള്ള സ്ഥലങ്ങളിൽ ടൈബൽ ബ്ലോക്കു് അനുവദിക്കുക എന്നുള്ള തത്വമാണു്. എവിടെയെങ്കിലും കുറച്ചു മലനാട്ടം ആളുകളും ഉണ്ടെങ്കിൽ അവിടൊക്കെ ടൈബൽ ബ്ലോക്കു് അനുവദിക്കുക എന്നുള്ളതല്ല തത്വം.

ശ്രീമതി കുസുമം : ദേവികുളം പീരുമേടു് തൊടുപുഴ ഇവിടുള്ള ഗിരിവർഗ്ഗക്കാരെ ഉദ്ദേശിച്ചുകൊണ്ടു് ഒരു ടൈബൽ ബ്ലോക്കു സ്ഥാപിക്കുന്നതിലേക്കു കേന്ദ്രഗവണ്മെൻറിലേക്കു ശ്രദ്ധാപൂർവ്വം പരിഗണിച്ചുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അനുവദിക്കുന്ന കാര്യം സാധ്യമാണെന്നു കണ്ടാൽ അതേപറ്റി ആലോചിക്കാവുന്നതാണു്.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : വടക്കേ വയനാട്ടിലുള്ള ഗിരിവർഗ്ഗക്കാരിൽ ഭൂരിഭാഗവും ബോണ്ടഡ് ലേബറേഴ്സ് ആയതുകൊണ്ടു് അവരുടെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകണമെന്നു കേന്ദ്രഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ബോണ്ടഡ് ലേബറേഴ്സ് ആയതുകൊണ്ടു് അതാവശ്യമാണെന്ന എനിക്കഭിപ്രായമില്ല. ഏതായാലും അവരുടെ കാര്യം ഗവണ്മെൻറു ശ്രദ്ധാപൂർവ്വം പരിഗണിച്ചിട്ടുണ്ടു്. കേന്ദ്രഗവണ്മെൻറു അതു പരിശോധിച്ചതിനുശേഷം ഒരു നിശ്ചിത ശതമാനം ജനസംഖ്യ ഈ ടൈബ്സ് ഇല്ലാത്തതുകൊണ്ടു് അനുവദിച്ചിട്ടില്ല. തെക്കേ വയനാട്ടിൽ അനുവദിപ്പിക്കുവാൻ കഴിയുമോ എന്നുള്ളതു ഗവണ്മെൻറു ആലോചിച്ചുവരികയാണു്.

ശ്രീ. ടി. കൃഷ്ണൻ : കൊല്ലം ജില്ലയിൽ എത്രത്തോളം ടൈബ്സ് ഉണ്ടെന്നുള്ളതിൻറെ കണക്കുകൂടി വല്ലതും ഗവണ്മെൻറിൻറെ കയ്യിൽ ഉണ്ടോ ?

ശ്രീ. കെ എ. ദാമോദരമേനോൻ : ഈ മാതിരി കണക്കുകൂടി എന്നോടു ചോദിച്ചാൽ പ്രയാസം ഉണ്ടാകുകയേ ഉള്ളൂ.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : ടൈബ്സിൻറെ ഇടയിൽത്തന്നെ പല അവാന്തരവിഭാഗങ്ങളും ഉണ്ടു്. അവർ തമ്മിൽതന്നെ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും പാലിക്കുന്നതായി അറിയാം. അങ്ങനെയുള്ളവരുടെ ഒരു സർവ്വേ നടത്തി യഥാർത്ഥ ടൈബ്സ് ആരെല്ലാമാണെന്നു കണ്ടുപിടിക്കുവാൻ ഒരു കമ്മീഷനെ വച്ചു പരിശോധിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഏതെല്ലാം വിഭാഗക്കാരാണു് ടൈബ്സുകാരെന്നുള്ള കാര്യത്തെപ്പറ്റി പൊതുവായി തീരുമാനം ആയിട്ടുണ്ടു്. അതിൻറെ അടിസ്ഥാനത്തിൽ ടൈബൽ ബ്ലോക്കിൻറെ സ്വഭാവമുള്ള ഏതെങ്കിലും പ്രദേശത്തു് ഈ പറഞ്ഞ നിശ്ചിത ശതമാനം ജനസംഖ്യയുണ്ടെങ്കിൽ അവിടെ ബ്ലോക്കു സ്ഥാപിക്കുവാൻ പ്രയാസം ഉണ്ടാകുകയില്ല.

ശ്രീ. പി. നാരായണൻതമ്പി : കാണിക്കാർ എന്ന വർഗ്ഗത്തെ ഗിരിവർഗ്ഗക്കാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ? ഇങ്ങനെയുള്ള കാണിക്കാർ നെയ്യാറിൻകരയും നെടുമങ്ങാടും ധാരാളം ഉണ്ടു്, വീടുകൂടി കെട്ടി താമസിക്കാത്തതുകൊണ്ടു് അവരുടെ കണക്കു് സെൻസസ്സിൽ ഉൾപ്പെടുത്തിയിട്ടില്ല. വീടിൻറെ നമ്പർ അനുസരിച്ചും അവർ എത്രയുണ്ടെന്നു് കണക്കാക്കിയിട്ടില്ല. ഇങ്ങനെ മൂഗപ്രായത്തിൽ കഴിയുന്ന ഇവർ താമസിക്കുന്ന സ്ഥലങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടു് ഒരു ടൈബൽ ബ്ലോക്കു് സ്ഥാപിക്കാനാവശ്യമായ നടപടികളെടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇക്കാര്യത്തിൽ ടൈബ്സിൻറെ ജനസംഖ്യയെത്രയാണെന്നു് തിട്ടപ്പെടുത്തിയിട്ടുണ്ടു്. അതിനെ ആശ്രയിച്ചു മാത്രമേ ഇതിനെപ്പറ്റിയുള്ള നടപടികളെടുക്കുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഓ. കോരൻ : ഗിരിവർഗ്ഗക്കാരുടെ ഉന്നമനത്തിനുവേണ്ടി ട്രൈബൽ ബ്ലോക്കുകൾ രൂപീകരിക്കാനാണ് കേന്ദ്രഗവണ്മെൻറ് അറിയിച്ചിട്ടുള്ളത്. വടക്കേ ഇൻഡ്യയിലാണെങ്കിൽ ട്രൈബ്സ് എല്ലാംകൂടി ഒരു സ്ഥലത്താണ് താമസിക്കുന്നത്. എന്നാൽ ഇവിടെയാണെങ്കിൽ ട്രൈബ്സ് ചിന്നിച്ചിതറി താമസിക്കുന്നതുകൊണ്ട് അവരുടെ പൂർണ്ണമായ കണക്കെടുക്കാൻ സാധിക്കുന്നില്ല. ഇവരുടെയെല്ലാം ആകെ കണക്കെടുത്തു, അതിനനുസരിച്ചുള്ള വിഹിതം കേന്ദ്രത്തിൽനിന്നും വാങ്ങാൻ തയാറാകുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇതിനെ സംബന്ധിച്ച് ആലോചിക്കുന്നതിനു് ബ്ലോക്കു് ഡവലപ്പുമെൻറു കമ്മിറ്റിയുമായി നടന്ന ചർച്ചയിൽ ഞാനും സംബന്ധിക്കുകയുണ്ടായി. ഇവിടത്തെ പ്രത്യേകതകൾ പരിഗണിച്ച് ഇപ്പോൾ ട്രൈബ്സ് വിഭാഗത്തിൽപ്പെടാൻ അർഹതയുള്ളവരെ അതിൽ ചേർത്തുകൊണ്ട് സഹായം ചെയ്തുകൊടുക്കാൻ കഴിയുന്നതും വേഗം നടപടികളെടുക്കാവുന്നതാണു്. ഇതിനെ സംബന്ധിച്ച് ഒരു അവസാനതീരുമാനവും എടുത്തിട്ടില്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : നമ്മുടെ സ്റ്റേറ്റിൽ കുറെക്കാലം മുമ്പ് ബാക്ക്വേർഡ് ആൻറ് അദർ ബാക്ക്വേർഡ് വിഭാഗത്തിൽ വളരെ കുറച്ചാളുകൾമാത്രമേ ഉൾപ്പെട്ടിരുന്നുള്ളുവെന്നും, എന്നാൽ അതിലിപ്പോൾ കൂടുതൽ ആളുകളെ ഉൾപ്പെടുത്തിക്കൊണ്ടിരിക്കുകയാണെന്നുമുള്ള കാര്യം മനസ്സിൽ വച്ചുകൊണ്ടും, പട്ടിക ജാതിയിൽപെടാൻ അർഹതയുള്ളവരെ ഇനിയും അതിൽപ്പെടുത്തിയിട്ടില്ലെന്നുള്ള സത്യം മനസ്സിൽവെച്ചുകൊണ്ടും, അവരെയെല്ലാംകൂടി പട്ടികജാതിയിൽപ്പെടുത്തണമെന്നുള്ള നിവേദനങ്ങൾ ഗവണ്മെൻറിലേക്കു് കൊടുത്തിട്ടുള്ളതിനെ പരിഗണിച്ചും, അത്തരം വിഭാഗങ്ങളെകൂടി ഉൾപ്പെടുത്തിക്കൊണ്ട് ട്രൈബൽ ബ്ലോക്കു് രൂപീകരിക്കാനുള്ള നടപടികളെടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ബഹുമാനപ്പെട്ട മെമ്പർ പല ഉപാധികളെപ്പറ്റിയും പറഞ്ഞു. അതിനെ സംബന്ധിച്ച് എന്തു് ഉത്തരമാണു് പറയേണ്ടതെന്നുള്ളതു് എനിക്കറിഞ്ഞുകൂടാ.

ടാക്സി കാറുകളുടെ ടാക്സ്

* 275. [14] ശ്രീ. എൻ. ഗോപാലകുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാക്സി കാറുകൾക്കു് ഒരു കാർട്ടറിൽ എത്ര രൂപയാണു് ടാക്സടയ്ക്കേണ്ടതു് ;

(ബി) മദ്രാസ് സ്റ്റേറ്റിലേതിൽനിന്നു് എന്തു വ്യത്യാസമുണ്ടു് ;

(സി) ഒരു കാറിൽ 4 പേരെ മാത്രമേ കയറാവൂ എന്നു് നിഷ്കർഷിച്ചിട്ടുണ്ടോ ;

(ഡി) മദ്രാസു് സംസ്ഥാനത്തു് ഇതേതരം ടാക്സികളിൽ 5 പേരെ കയറാൻ അനുവാദമുള്ളപ്പോൾ ഇവിടെ 4 എന്നു നിഷ്കർഷിക്കാൻ വല്ല പ്രത്യേക കാരണവുമുണ്ടോ ;

(ഈ) ഇന്നുള്ള നിയന്ത്രണം മാറ്റി 5 പേരെ കയറാൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനു് വേണ്ട നടപടി എടുക്കുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) മൂന്നു യാത്രക്കാരെവരെ കയറ്റിക്കൊണ്ടു പോകാവുന്ന ടാക്സിയ്ക്കു് നാൽപ്പത്തു് രൂപയും, മൂന്നിനുമേൽ അഞ്ചുവരെ യാത്രക്കാരെ കയറ്റിക്കൊണ്ടു പോകാവുന്ന ടാക്സിയ്ക്കു് 100 രൂപയുമാണു് അടയ്ക്കേണ്ടതു്.

(ബി) മദ്രാസു് സംസ്ഥാനത്തിൽ മദ്രാസു് സിറ്റിയ്ക്കുത്തു് ഓടുന്ന ടാക്സികൾക്കു് എഴുപത്തിയഞ്ചു രൂപയാണു് ടാക്സ്.